സുൽത്താൻ ബത്തേരി പഞ്ചായത്ത് ബസ് സ്റ്റാന്റിന്റെ ചുറ്റുമതിൽ സംരക്ഷിക്കുന്നതിന് നടപടി

85 (3173) ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുൽത്താൻ ബത്തേരിയിലെ പഞ്ചായത്ത് ബസ് സ്റ്റാന്റിന്റെ ചുറ്റുമതിൽ പൊളിച്ചു മാറ്റാൻ കച്ചവടക്കാരായ സ്വകാര്യവ്യക്തികൾ നീക്കം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ചുറ്റുമതിൽ സംരക്ഷിക്കുന്നതിന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഇത് സംബന്ധിച്ച് ഒരു പരാതി വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ചുറ്റുമതിൽ സംരക്ഷിക്കുന്നതിന് സുൽത്താൻ ബത്തേരി പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

പനവൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ സസ്പെൻഷൻ

86 (3174) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ പനവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ സസ്പെന്റ് ചെയ്ത സംഭവത്തിനാസ്പദമായ കാര്യങ്ങളെക്കുറിച്ചുള്ള അന്വേഷണം ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) പഞ്ചായത്ത് വക മരം മുറിച്ച് മാറ്റിയതു സംബന്ധിച്ച് പോലീസ് കേസ്സെടുത്തിട്ടുണ്ടോ; ഇതിലെ പ്രതികൾ ആരെല്ലാമാണ്;

(സി) കേസ് ചാർജ് ചെയ്തിട്ടുണ്ടോ; എഫ്.ഐ.ആർ കോടതിയിൽ ഹാജരാക്കിയിട്ടുണ്ടോ;

(ഡി) തൊണ്ടി സാധനം ഇപ്പോൾ ആരുടെ കസ്റ്റഡിയിലാണ്;

(ഇ) തൊണ്ടിയായി പിടിച്ചെടുത്ത തടിയുടെ പഴക്കം എത്രയെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ആരാണ് പരിശോധന നടത്തിയത്; ഫലം എന്താണ്;

(എഫ്)ഈ മരം മുറിച്ചു മാറ്റിയതുമൂലം പഞ്ചായത്തിന് എന്തു തുക നഷ്ടമായിട്ടുണ്ട്;

(ജി) മരം മുറിച്ച വിവരം പഞ്ചായത്ത് അധികൃതരുടെ ശ്രദ്ധയിൽപ്പെട്ടതെന്നാണ്; ഇതിനുശേഷം പഞ്ചായത്ത് അധികൃതർ എന്തൊക്കെ നടപടി സ്വീകരിച്ചു;

(എച്ച്)നടപടി കൊക്കൊള്ളുന്നതിൽ പഞ്ചായത്ത് അധികൃതർ എന്തെങ്കിലും അനാസ്ഥ കാട്ടിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഐ) പഞ്ചായത്ത് സെക്രട്ടറിക്കെതിരായ അന്വേഷണം എന്നേക്ക് പൂർത്തിയാക്കാനാവുമെന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിശദാന്വേഷണത്തിന് പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അന്വേഷണം പുരോഗമിച്ചു വരുന്നു.

(ബി) ഉണ്ട്. ശ്രീമതി ഹലീമാ ബീവി, ജസീനാ മൻസിൽ, പനവൂർ പി.ഒ.

(സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) പോലീസ് കസ്റ്റഡിയിൽ.

(ഇ) തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പ്രാഥമിക പരിശോധന നടത്തിയതിൽ മരത്തിന് 15 വർഷത്തെ പഴക്കമുണ്ട് എന്ന് കണ്ടിട്ടുണ്ട്.

(എഫ്) നഷ്ടം തിട്ടപ്പെടുത്തിയിട്ടില്ല.

(ജി) 15.1.99-ൽ സ്ഥലം പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കുകയും പോലീസിൽ പരാതി നൽകുകയും ചെയ്തു.

(എച്ച്) ഇക്കാര്യം അന്വേഷിക്കുന്നുണ്ട്.

(ഐ) മൂന്നു മാസത്തിനകം പൂർത്തിയാക്കാമെന്ന് കരുതുന്നു.

പഞ്ചായത്ത് മുനിസിപ്പാലിറ്റികളിലെ നികുതി പിരിവ്

87 (3175) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും നേരിട്ട് പിരിക്കുന്ന നികുതി 2000 മാർച്ച് മാസത്തിനുമുമ്പ് എത്ര ശതമാനം പിരിച്ചെടുത്തു;

(ബി) പ്രസ്തുത നികുതി പിരിവ് 100% ആക്കാൻ എന്തെല്ലാം നടപടി ആരംഭിച്ചിട്ടുണ്ട്;

(സി) കഴിഞ്ഞ സാമ്പത്തിക വർഷം പഞ്ചായത്ത്/മുനിസിപ്പാലിറ്റികൾക്ക് കേരളത്തിൽ എത്ര ശതമാനം നികുതി പിരച്ചെടുക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നഗരസഭകളിൽ 42.5% പിരിച്ചെടുത്തു. ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ചുള്ള വിശദവിവരം ശേഖരിച്ചുവരുന്നു.

(ബി) ഇതിനുള്ള വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(സി) നഗരസഭകളിൽ 70% നികുതി പിരിച്ചെടുത്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളുടെ വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly